## വഴിവെളിച്ചം

# തെറ്റിദ്ധാരണകളെ സൂക്ഷിക്കുക

عن أُمِّ المؤمنين صفية بنت حُيِيٍّ رضي اللّهُ عنها ، قَالَت : كَانَ النَّبِيُّ ﷺ مُعْتَكِفًا ، فَأَتَيْته أَزُورُهُ لَيْلًا ، فَحَدَّثْتُهُ ، ثُمَّ قُمْتُ لأَنْقَلِبَ ، فقامَ معِي لِيَقْلِبَنِي ، فَمرَّ رَجُلانِ من الأَنْصارِ رضي اللّهُ عنهما ، فَلَمَّا رَأيا النَّبِي ﷺ أَسْرَعَا ، فَقَالَ ﷺ : عَلَى رِسْلِكُمَا ، إِنها صَفِيَّةُ بِنْتُ حُيَيٍّ فَقَالا : سُبْحانَ اللّه ! يا رَسُولَ اللّه ! فقال : إِنَّ الشّيْطَانَ يَجْرِى مِن ابن آدم مَجْرَى الدَّمِ ، وَإِنِّي خَشِيتُ أَنْ يَقْذِفَ فِي قُلُوبِكُمْ شَرًّا – أَوْ قَالَ شَيْئًا.

**വിശ്വാസികളുടെ മാതാവ് സ്വഫിയ്യ(റ)യിൽനിന്ന്: നബി(സ) പള്ളിയിൽ ഇഅ്തികാഫിരിക്കുന്ന ഒരു രാത്രി ഞാൻ അദ്ദേഹത്തെ സന്ദർശിച്ചു; ചില കാര്യങ്ങൾ സംസാരിക്കുകയും ചെയ്തു. പിന്നീട് തിരിച്ചുപോരാനൊരുങ്ങിയപ്പോൾ യാത്രയയക്കാനായി അവിടുന്ന് എന്റെ കൂടെ പോന്നു. അപ്പോൾ അൻസാറുകളിൽപെട്ട രണ്ടുപേർ വഴിയിലൂടെ നടന്നു പോവുന്നുണ്ടായിരുന്നു. നബി(സ)യെ കണ്ടപ്പോൾ അവർ ധൃതിയിൽ നടക്കാൻ തുടങ്ങി. അപ്പോൾ നബി(സ) അവരോട് വിളിച്ചു പറഞ്ഞു: "അവിടെ നിൽക്കൂ! എന്റെ കൂടെയുള്ളത് ഹുയയ്യിന്റെ മകൾ സ്വഫിയ്യയാണ്." അവർ പറഞ്ഞു: "സുബ്ഹാനല്ലാഹ്! അല്ലാഹുവിന്റെ ദൂതരേ, (താങ്കളെക്കുറിച്ച് ഞങ്ങൾ നല്ലതല്ലാതെ വിചാരിക്കുമോ?)." അവിടുന്ന് പറഞ്ഞു: "നിശ്ചയം, പിശാച് മനുഷ്യനിൽ രക്തത്തോടൊപ്പം സഞ്ചരിക്കുന്നുണ്ട്. എന്നെക്കുറിച്ച് നിങ്ങളുടെ ഹൃദയങ്ങളിൽ അവൻ വല്ല സംശയവും -'വല്ലതും' എന്ന് ഒരു നിവേദനത്തിൽ- ഉണ്ടാക്കിയേക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു."***

**പരസ്പര** ബന്ധങ്ങളിൽ പുഴുക്കുത്തുണ്ടാക്കുന്ന മാരകരോഗങ്ങളാണ് തെറ്റിദ്ധാരണയും ഊഹവും. വ്യക്തികൾ തമ്മിലുണ്ടാവേണ്ട സ്നേഹ ബഹുമാനങ്ങളെ അപ്പാടെ അത് തകർത്തുകളയും. അന്യരെ കുറിച്ച് മോശമായ ധാരണകളുണ്ടാവാനും അടിസ്ഥാന രഹിതമായ ആരോപണങ്ങൾ പ്രചരിക്കാനും അത് കാരണമായിത്തീരും. അല്ലാഹു ഓർമിപ്പിക്കുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അധിക ഊഹങ്ങളും വർജിക്കുവിൻ. എന്തെന്നാൽ ഊഹങ്ങളിൽ ചിലത് കുറ്റകരമാണ്" (49:12). നബി(സ) പറഞ്ഞു: "തെറ്റിദ്ധാരണയെ നിങ്ങൾ സൂക്ഷിക്കുക; നിശ്ചയം തെറ്റിദ്ധരിച്ചുള്ള സംസാരം ഏറ്റവും വലിയ കളവാണ്" (മുസ്‌ലിം).

അന്യനെക്കുറിച്ച് എപ്പോഴും സദ്വിചാരമാണ് ഉണ്ടാവേണ്ടത്. വ്യക്തമായ തെളിവുകളും കാരണങ്ങളുമില്ലാതെ ഒരാളെയും മോശക്കാരനായി കാണരുത്. നബി(സ) പറഞ്ഞു: "ജനങ്ങളെക്കുറിച്ച് നല്ലതു വിചാരിക്കൽ ശ്രേഷ്ഠമായ ഇബാദത്താണ്" (അബൂദാവൂദ്, ഹാകിം). മറ്റുള്ളവരെക്കുറിച്ച് അബദ്ധജടിലമായ മുൻധാരണകൾ പേറിനടക്കുന്നവർ സ്വന്തം ദീനിനെയും വിശ്വാസത്തെയും തന്നെയാണ് നശിപ്പിക്കുന്നത്. ഒരാളെക്കുറിച്ച് മോശമായ ധാരണ ഉണ്ടായാൽ തന്നെ, അയാളെക്കുറിച്ച് കൂടുതൽ ചുഴിഞ്ഞ് അന്വേഷിക്കരുതെന്നും മതിപ്പ് നഷ്ടപ്പെടുത്തരുതെന്നും നബി(സ) ഉണർത്തിയിട്ടുണ്ട്.

വ്യക്തികളെ തെറ്റിദ്ധരിക്കരുത് എന്ന പോലെ പ്രധാനമാണ് അവർക്ക് തെറ്റിദ്ധരിക്കാൻ അവസരമുണ്ടാക്കരുത് എന്നതും. ജനങ്ങൾ തന്നെ തെറ്റായി മനസ്സിലാക്കാനിട വരുന്ന ചുറ്റുപാടുകളിൽനിന്ന് മാറിനിൽക്കാൻ വിശ്വാസി ബാധ്യസ്ഥനാണ്. ആദ്യംകൊടുത്ത നബിവചനം ഈ ആശയമാണ് ഉൾക്കൊള്ളുന്നത്. ഇമാം ഗസ്സാലി(റ) എഴുതുന്നു: "മുസ്‌ലിമിന്റെ ബാധ്യതകളിൽ പെട്ടതാണ്, തന്നെക്കുറിച്ച് തെറ്റിദ്ധരിക്കുന്നതിൽനിന്ന് ജനങ്ങളുടെ ഹൃദയങ്ങളെയും ദുഷിച്ച് സംസാരിക്കുന്നതിൽനിന്ന് അവരുടെ നാവുകളെയും തടഞ്ഞു നിർത്തുക എന്നത്. തെറ്റിദ്ധാരണയുണ്ടാക്കുന്ന സാഹചര്യങ്ങളിൽനിന്ന് അകന്നു നിൽക്കാൻ അയാൾ ശ്രദ്ധിക്കണം. ജനങ്ങൾ ഒരാളെക്കുറിച്ച് മോശമായി ചിന്തിക്കുകയും പറയുകയും ചെയ്യാൻ അയാൾ തന്നെയാണ് കാരണമാകുന്നതെങ്കിൽ, അവർ ചെയ്യുന്ന തെറ്റിൽ അയാളും തുല്യപങ്കാളിയായിത്തീരും" (*ഇഹ്‌യാ ഉലൂമിദ്ദീൻ*, വാ: 2, പേ: 201). ഉമർ(റ) പറഞ്ഞു: "തെറ്റിദ്ധാരണക്കിടയാക്കുന്ന ചുറ്റുപാടിൽ സ്വയം ചെന്നുനിന്ന ഒരാളെ മറ്റുള്ളവർ തെറ്റിദ്ധരിച്ചെങ്കിൽ അവരെ അതിന്റെ പേരിൽ ആക്ഷേപിക്കാൻ പാടില്ല" (ഖറാഇത്വി-*മകാരിമുൽ അഖ്‌ലാഖ്*).

ഒരാൾ വഴിയരികിൽ ഒരു സ്ത്രീയുമായി കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കുന്നത് ഉമർ(റ) കാണാനിടയായി. അദ്ദേഹം അയാളെ അടിക്കാനായി ചാട്ടവാറെടുത്തു. അയാൾ പറഞ്ഞു: "അമീറുൽ മുഅ്മിനീൻ! ഇതെന്റെ ഭാര്യയാണ്." ഉമർ(റ) ചോദിച്ചു: "എങ്കിൽ നിനക്കിത് ആരും കാണാത്തിടത്തുവെച്ച് ചെയ്തുകൂടേ?" (ദഹബി-*മനാഖിബു ഉമർ*) സൃഷ്ടിശ്രേഷ്ഠനായ പ്രവാചകൻ(സ) പോലും ഇക്കാര്യത്തിൽ കാണിച്ച ജാഗ്രതയുടെ ആഴമാണ് ആദ്യം കൊടുത്ത ഹദീസ് അടയാളപ്പെടുത്തുന്നത്. ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, ഇബ്നുമാജ, അഹ്മദ് തുടങ്ങിയവർ ഉദ്ധരിച്ചത്. 'സ്വഹീഹ് മുസ്‌ലിമി'ലേതാണ് വാക്യങ്ങൾ (ഹദീസ് നമ്പർ: 2175).